പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 158

08.06.2015-ൽ മറുപടിക്ക്

## മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | പ്രൊഫ.സി.രവീന്ദ്രനാഥ് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പൊതു പ്രശ്നങ്ങളെക്കുറിച്ച് പഠിച്ചിട്ടുണ്ടോ; | (എ) | പരിശോധിച്ചിട്ടുണ്ട്. |
| (ബി) | റിപ്പോർട്ടിൽ കേരളത്തിന്റെ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് പഠിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ; | (ബി) | 200 മീറ്റർ മുതൽ 500 മീറ്റർ വരെ ആഴമുള്ള പ്രദേശം (ശരാശരി തീരത്തു നിന്നും 32 മുതൽ 40 നോട്ടിക്കൽ മൈലിനുള്ളിൽ വരുന്ന പ്രദേശം) ഒരു ബഫർ സോണായി നിലനിർത്തുന്നതും വിദേശ ട്രോളറുകൾക്ക് മത്സ്യബന്ധനത്തിനു അനുമതി നൽകാനുള്ള ശുപാർശയും ഇന്ത്യയ്ക്ക് ആവശ്യമായ expertise ഉം, സാങ്കേതിക ജ്ഞാനവും ഇല്ലായെന്ന കാരണം പറഞ്ഞ് വിദേശ കപ്പലുകൾക്കും വിദേശതൊഴിലാളികൾക്കും ഇപ്പോഴുള്ള emigration clearence ഉദാരമാക്കി അവരെ ഉപയോഗപ്പെടുത്തിയും മത്സ്യബന്ധനം നടത്തണമെന്ന ശുപാർശയും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നതാണ്. ഇപ്പോൾ തന്നെ LOP വ്യവസ്ഥയിൽ വിദേശ ട്രോളറുകൾ ഈ പ്രദേശത്ത് മത്സ്യബന്ധനം ക്രമാതീതമായി നടത്തുന്നതുകാരണം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കു മത്സ്യലഭ്യത കുറഞ്ഞു വരികയാണ്. നിലവിലുള്ള മത്സ്യബന്ധന യാനങ്ങൾക്കുപുറമെ 240 tuna long liner ഉം 15 purse sciners ഉം 15 squid jigger ഉം ഉൾപ്പെടെ 270 ആഴക്കടൽ മത്സ്യബന്ധനയാനങ്ങൾക്കുകൂടി EEZ മത്സ്യബന്ധനത്തിന് അനുവാദം നൽകുന്നതിനുള്ള ശുപാർശയും മത്സ്യബന്ധനം ഉപജീവനമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികളെയും ബോട്ടുടമകളെയും ദോഷകരമായി ബാധിക്കുന്നതാണ്. |
| (സി) | ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ? | (സി) | മീനാകുമാരി കമ്മിറ്റി റിപ്പോർട്ടിലെ പല ശുപാർശകളും കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കും എന്നുള്ളതിനാൽ പ്രസ്തുത ശുപാർശകൾ തള്ളിക്കളയുന്നതിന് |

| | | | |
|---|---|---|---|
| | | | കേന്ദ്രഗവൺമെന്റിനോട് പലതലങ്ങളിൽ അഭ്യർത്ഥിച്ചിട്ടുണ്ട്. 18.03.16 ൽ ബഹു.കേന്ദ്രകൃഷി മന്ത്രി വിളിച്ചുചേർത്ത യോഗത്തിൽ ബഹു.ഫിഷറീസും പോർട്ടും വകുപ്പ് മന്ത്രി വളരെ ശക്തമായി ഈ വിഷയം ഉന്നയിക്കുകയും മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കരുതെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇക്കാര്യം ആവശ്യപ്പെട്ടുകൊണ്ട് ബഹു.കേന്ദ്രകൃഷി മന്ത്രിക്ക് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ